പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3491 — 11-12-2018-ലെ മറുപടിയ്ക്ക്

## പ്രളയം മൂലം കാർഷിക മേഖലയിലുണ്ടായ നഷ്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.അനിൽ അക്കര** | | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയത്തിൽ കാർഷിക മേഖലയിലെ നഷ്ടങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയെയാണ് ഈ പഠനം നടത്തുവാൻ നിയോഗിച്ചിരിക്കുന്നത്; | (എ) | ഉണ്ട്. കേരള സ്റ്റേറ്റ് ദുരന്ത നിവാരണ അതോറിറ്റിയെ നോഡൽ ഏജൻസിയാക്കി കൃഷി വകുപ്പിന്റെ പ്രഥമ വിവര റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി ഐക്യരാഷ്ട്ര സഭാ സംഘം പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഏജൻസി പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് പ്രിന്റ് ചെയ്ത് കിട്ടിയിട്ടില്ല. |
| (സി) | പ്രളയം നടന്നു നൂറുദിവസം പിന്നിടുമ്പോൾ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടുള്ളതായി വിലയിരുത്തുന്നുണ്ടോ; ഇതിനുള്ള എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | മഹാപ്രളയത്തിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,32,966 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും 621.33 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11867 കർഷകർക്ക് നഷ്ടപരിഹാരമായി 18.88 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, |

| | | | |
|---|---|---|---|
| | | | ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്തത് കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.<br><br>കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്രധനസഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന പദ്ധതിയിൻകീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്ര സർക്കാർ ഈയിനത്തിൽ 93.556 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രിക്കൾച്ചർ ഡെവലപ്മെന്റ് (I.F.A.D)ൽനിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിന് 745 കോടി രൂപയുടെ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഉരുൾപ്പൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രളയക്കെടുതികളിൽ നിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കുന്നതിനുമായി "പുനർജ്ജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. പ്രളയത്തിൽ നെൽകൃഷി നശിച്ചുപോയ മുഴുവൻ കർഷകർക്കും വീണ്ടും വിതയ്ക്കുന്നതിന് 6497.58 മെട്രിക് ടൺ വിത്ത് പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | സൗജന്യമായി വിതരണം ചെയ്തു. ഈ വകയിൽ കർഷകർക്ക് 25.99 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.<br><br>ഇതോടൊപ്പം, ഒരു കോടി പച്ചക്കറിതൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ 50 ലക്ഷം പച്ചക്കറിവിത്ത് പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. കൃഷിയിടങ്ങളിലേക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ, 43,100 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടർ ഒന്നിന് 5,400/- രൂപ നിരക്കിൽ വിതരണം ചെയ്തു. ഈയിനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10,000 ഹെക്ടർ സ്ഥലത്തേയ്ക്ക് കൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ, 12 ലക്ഷം വേരുപിടിപ്പിച്ച കുരുമുളക് തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ 364.5 മെട്രിക് ടൺ നടീൽവസ്തുക്കളും, ജാതി, ഗ്രാമ്പൂ എന്നിവയുടെ 15800 തൈകളും സൗജന്യനിരക്കിൽ കർഷകർക്ക് ലഭ്യമാക്കി. 22 ലക്ഷം വാഴക്കന്നുകൾ വാങ്ങുന്നതിലേക്കായി, സബ്സിഡി നിരക്കിൽ ആകെ 2.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മഹാപ്രളയത്തിൽ തകർന്നുപോയ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 270 ബണ്ടുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. എസ്റ്റിമേറ്റിന്റെ 20% തുക അഡ്വാൻസായി പാടശേഖര സമിതികൾക്ക് നൽകി. 25 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഇ-ടെൻണ്ടർ നടപടികൾ ഒഴിവാക്കി വേഗത്തിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മഹാപ്രളയത്തിൽ നശിച്ച പമ്പുസെറ്റുകൾ, പെട്ടിപറ എന്നിവയുടെ അറ്റകുറ്റപണികൾക്കും വെള്ളം വറ്റിക്കുന്നതിനും ബണ്ട് റിപ്പയറിംഗിനുമായി 174.78 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കി. ഇതിനുപുറമേ, 25.81 കോടി രൂപ കൂടി അധികമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രളയാനന്തരം വിളകൾക്കുണ്ടായ രോഗകീടബാധ, എലിശല്യം എന്നിവയ്ക്കുള്ള പരിഹാര മാർഗ്ഗനിർദ്ദേശങ്ങളും കർഷകരിലേക്ക് എത്തിച്ചു. മഴക്കെടുതി മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വിദ്യാഭ്യാസ വായ്പകൾ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. |

**സെക്ഷൻ ഓഫീസർ**